പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് ചെലവഴിച്ച തുക

265 (2545) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്രതുക വീതം നൽകിയെന്നും എത്ര പേർക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘം രജിസ്ട്രാർ, വനിതാവികസന കോർപ്പറേഷൻ, സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് നൽകിയിരുന്നു. വായ്പ എഴുതിത്തള്ളൽ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് അനുവദിച്ച തുക

വനിതാ വികസന കോർപ്പറേഷൻ	-	9651

50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് അനുവദിച്ച തുക

വ്യവസായ വാണിജ്യ വകുപ്പ്	-	1,18,93,617
ഖാദി ഗ്രാമ വ്യവസായ ബോർഡ്	-	2,20,09,782
സഹകരണ സംഘം രജിസ്ട്രാർ	-	12,00,00,000
പട്ടികജാതി വികസന കോർപ്പറേഷൻ	-	2,49,99,167
പട്ടികജാതി വികസന കോർപ്പറേഷൻ	-	12,33,66,000

പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിലേക്കായി 2014-15 സാമ്പത്തികവർഷം അനുവദിച്ച 10 കോടിരൂപ പദ്ധതിയുടെ നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ റ്റി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന പ്രകാരം പദ്ധതിക്കായി 40 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ലോണുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കനാൽ ടൂറിസം

266 (T*2546) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച താനൂർ കേന്ദ്രമാക്കിയുള്ള കനോലി കനാൽ ടൂറിസം സർക്യൂട്ട് എന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) താനൂർ കേന്ദ്രമാക്കിയുള്ള കനോലി കനാൽ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

കേരളത്തിലെ വിനോദസഞ്ചാരികൾ

267 (2547) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

*. T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly